ക്ലാർക്ക് .. 1

സെക്യൂരിറ്റി ഗാർഡ് .. 2

എൽ.ജി.ഇ. .. 44

കൂടാതെ തിരുവല്ല, അടൂർ, ചങ്ങനാശ്ശേരി, കോതമംഗലം എന്നീ റവന്യൂ ടവറുകളിൽ ഇലക്ട്രീഷൻ, ലിഫ്റ്റ് ഓപ്പറേറ്റർ, സെക്യൂരിറ്റി ഗാർഡ്/വാച്ചർ, എൽ.ജി.ഇ., സ്വീപ്പർ എന്നീ തസ്തികകളിലായി 32 പേരെയും കോട്ടയം ഗാന്ധിനഗറിലും ഇടുക്കി, തൊടുപുഴ (മുട്ടം)-യിലും പ്രവർത്തിക്കുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളിൽ വാർഡൻ, അസിസ്റ്റന്റ് വാർഡൻ, മേട്രൻ സ്വീപ്പർ, വാച്ചർ എന്നീ തസ്തികകളിൽ 12 പേരെയും 3 മാസം മുതൽ 6 മാസം വരെ കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ബോർഡിന്റെ വിവിധ ഹൗസിംഗ് സ്കീമുകൾ, കൊമേർഷ്യൽ കോംപ്ലക്സ്, ഓഫീസ് കോംപ്ലക്സ്, ഗസ്റ്റ് ഹൗസ്, സ്റ്റോർ, ക്വാട്ടേഴ്സ് എന്നിവിടങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി സ്കിൽഡ് അസിസ്റ്റന്റ്, പമ്പ് ഓപ്പറേറ്റർ വാച്ചർ/സെക്യൂരിറ്റി ഗാർഡ്, ലിഫ്റ്റ് ഓപ്പറേറ്റർ, സ്വീപ്പർ, ഇലക്ട്രീഷ്യൻ എന്നീ തസ്തികകളിൽ 12 പേരും പ്രവർത്തിച്ചു വരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

തിരുവനന്തപുരം നഗരത്തിലെ പുതിയ റോഡുകളുടെയും ഫ്ളൈ ഓവറുകളുടെയും നിർമ്മാണപ്രവർത്തനം

42 [2931] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് ആരംഭിച്ച പുതിയ റോഡുകളുടെയും ഫ്ളൈ ഓവറുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തു തുകയുടെ പ്രവർത്തികളാണ് നടന്നുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം നഗരത്തിൽ ഇനി പ്രവൃത്തി തുടങ്ങാനുള്ളതും സർക്കാരിന്റെ പരിഗണനയിലുള്ളതുമായ പദ്ധതികൾ ഏതെല്ലാം എന്നു വ്യക്തമാക്കുമോ;

(ഡി) അവ സംബന്ധിച്ച വിശദാംശവും പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് ഏറ്റെടുത്ത് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിശദമായ പഠനത്തിലൂടെ തെരഞ്ഞെടുത്ത 42.47 കി. മീ. സിറ്റി റോഡിന്റെ പുനർനിർമ്മാണവും പാളയത്ത് ഒരു അടിപ്പാതയും ബേക്കറി ജംഗ്ഷനിലും മേലെ പഴവങ്ങാടിയിലും ഓരോ മേൽപ്പാലവും ആണ് ഏറ്റെടുത്തിരിക്കുന്നത്. BOT annuity പ്രകാരമുള്ള ഈ പണികൾ 2006 നവംബർ 15-ാം തീയതി തീർക്കണം.

(ബി) പഴയ PWD ഷെഡ്യൂൾ ഓഫ് റെയിറ്റ് പ്രകാരം 112 കോടി രൂപയുടെ പണിയാണിത്.

(സി) ഇപ്പോൾ പണി തുടങ്ങിയ റോഡുകൾ പൂർത്തിയാക്കാതെ സിറ്റിയിൽ പുതിയ റോഡ് പദ്ധതികൾ പ്രായോഗികമല്ല.

(ഡി) നാലു റിംഗ് റോഡുകളും അവയെ ബന്ധിപ്പിച്ചുള്ള റേഡിയൽ റോഡുകളും ആണ് മാസ്റ്റർ പ്ലാനിൽ ഉള്ളത്. ഇതിൽ ഉൾപ്പെട്ട 42.47 കി. മീ. പണികൾ ഏറ്റെടുത്തു ബാക്കിയുള്ള റോഡുകൾ ഈ പണികൾ തീരുന്ന മുറയ്ക്ക് ഏറ്റെടുക്കും.

പുതുതായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന മിനി സിവിൽ സ്റ്റേഷനുകൾ

43 [2932] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് പുതുതായി മിനി സിവിൽ സ്റ്റേഷനുകളോ കളക്ട്രേറ്റുകളോ പണിയാനുദ്ദേശിക്കുന്നതെന്നും അവയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്താമോ;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഓഫീസുകളുടെ ആവശ്യത്തിലേക്കായി കോഴിക്കോട് ജില്ലയിൽ എത്ര പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചുവെന്നും എത്ര കെട്ടിടങ്ങൾ പൂർത്തീകരിച്ചുവെന്നും അവയ്ക്കായി എത്ര തുക ചെലവഴിച്ചുവെന്നും കരാറുകാർക്ക് ഇനി എത്ര തുക നൽകാനുണ്ടെന്നും അത് എന്ന് കൊടുത്തു തീർക്കാൻ കഴിയുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

(ബി) 6 കെട്ടിടങ്ങളുടെ പണി ആരംഭിച്ചതിൽ അഴിയൂർ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. 3.23 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. കോഴിക്കോട് ബിൽഡിംഗ്സ് ഡിവിഷന്റെ കീഴിൽ കാരാറുകാർക്ക് ആകെ കൊടുത്തു തീർക്കുവാനുള്ള തുക 1534 ലക്ഷം രൂപയാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബില്ലുകളുടെ സീനിയോറിറ്റി അടിസ്ഥാനത്തിൽ കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതാണ്.

†അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly